"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.07.2025 ലെ 8/1 , 25.07.2025 ലെ 5/1 എന്നീ തീരുമാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ തീർപ്പിന് അനുസൃതമായി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.961/2026/LSGD തീയതി,തിരുവനന്തപുരം, 06-05-2026

---

പരാമർശം:-

1. മൈലം ഗ്രാമപഞ്ചായത്തിന്റെ 07.07.2025 തീയതിയിലെ 8/1 നമ്പർ തീരുമാനം.
2. മൈലം ഗ്രാമപഞ്ചായത്തിന്റെ 25.07.2025 തീയതിയിലെ 5/1 നമ്പർ തീരുമാനം.
3. മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.07.2025-ലെ JC3-2254971-2025 നമ്പർ കത്ത്.
4. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.11.2025 തീയതിയിലെ LSGD/PD/25984/2025-AR5 നമ്പർ കത്ത്
5. 17.02.2026-ലെ സ.ഉ.(സാധാ) നം.410/2026/തസ്വഭവ.
6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു.ട്രൈബ്യൂണലിന്റെ 18.03.2026-ലെ റഫറൻസ് 03/26 നമ്പർ റിപ്പോർട്ട്.
7. ബഹു.കേരള ഹൈക്കോടതിയുടെ WP(C) 27864/2025 നമ്പർ കേസിലെ 27.03.2026-ലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിൽ ശ്രീ.കെ.ജി. അജികുമാർ പാറ ക്വാറിക്ക് ലൈസൻസിനായി സമർപ്പിച്ച അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം 1-ഉം 2-ഉം തീരുമാനങ്ങൾ പരാമർശം 3 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാർ തീരുമാനത്തിനായി സമർപ്പിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ മേൽ തീരുമാനങ്ങൾ ചട്ടവിരുദ്ധമാണെന്ന് പരാമർശം 4 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മൈലം ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1), (2) തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും കേരള

പഞ്ചായത്ത് രാജ് ചട്ടം 191 (2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി വിട്ടുകൊണ്ടും പരാമർശം 5 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) ബഹു.ട്രൈബ്യൂണൽ മൈലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ വാദം കേൾക്കുകയും ജനസാന്ദ്രതയുമായി ബന്ധപ്പെട്ട തടസ്സവാദങ്ങൾ, അല്ലെങ്കിൽ ഉണ്ടാകാൻ സാധ്യതയുള്ള ശല്യങ്ങൾ, മലിനീകരണം എന്നിവ സംബന്ധിച്ച് വിദഗ്ധരുടെ അഭിപ്രായം പഞ്ചായത്ത് കമ്മിറ്റി പരിഗണിക്കേണ്ടതുണ്ടെന്നും അതിനാൽ സെക്ഷൻ 233(3) പ്രകാരം, പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്കായി ഒരു വിദഗ്ധ സമിതിയെ നിയമിക്കുന്നതിനും ആ സമിതിയുടെ റിപ്പോർട്ട് പരിശോധിക്കുന്നതിനും സെക്രട്ടറിയോ കമ്മിറ്റിയോ നടപടികൾ സ്വീകരിക്കണമായിരുന്നുവെന്നും പരാതികളോ പ്രതീക്ഷിക്കുന്ന പ്രയാസങ്ങളോ പരിഹരിക്കത്തക്ക രീതിയിൽ സമിതിയുടെ ശുപാർശകൾ അനുമതിപത്രത്തിലെ നിബന്ധനകളായി ഉൾപ്പെടുത്താവുന്നതാണെന്നും നിരീക്ഷിക്കുകയുണ്ടായി.

3) മേൽ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, കേരള പഞ്ചായത്ത് രാജ് ആക്ട് സെഷൻ 233 പ്രകാരം സമർപ്പിച്ച ലൈസൻസിനുള്ള അപേക്ഷ നിരസിച്ചുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നിയമവിരുദ്ധമാണെന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 പ്രകാരം ഗവൺമെന്റിന്റെ ഇടപെടൽ ആവശ്യമാണെന്നും പരാമർശം 6 പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

4) ഭരണസമിതി തീരുമാനം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ശ്രീ.കെ.ജി. അജികുമാർ ബഹു.ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ ഇതിനകം തന്നെ റഫറൻസിൽ മറുപടി നൽകിയിട്ടുള്ളതിനാൽ, ഇടക്കാല ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ കേസിൽ 3-ാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് പരാമർശം 7 പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവാകുകയും ചെയ്തു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരാമർശം 6 റിപ്പോർട്ടിനനുസൃതമായി മൈലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (1), (2) തീരുമാനങ്ങൾ റദ്ദ് ചെയ്തുകൊണ്ടും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 പ്രകാരം ലൈസൻസ് നൽകുന്നതിനുള്ള നിയമപരമായ നടപടികൾ കൈക്കൊള്ളുന്നതിനു മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ടും ബഹു.ഹൈക്കോടതിയുടെ പരാമർശം 7 ഉത്തരവ് പാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ട്രൈബ്യൂണൽ ഫോർ ലോക്കൽ ബോഡീസ്, ശ്രീമൂലം ബിൽഡിങ്സ്, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം.

സെക്രട്ടറി, മൈലം ഗ്രാമപഞ്ചായത്ത്, മൈലം പി.ഒ., കൊട്ടാരക്കര.
പ്രസിഡന്റ്, മൈലം ഗ്രാമപഞ്ചായത്ത്, മൈലം പി.ഒ., കൊട്ടാരക്കര.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പിആർഡി/വെബ് &ന്യൂമീഡിയ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 07-05-2026 13:15:13

സെക്ഷൻ ഓഫീസർ